# സ്നേഹാക്ഷരങ്ങൾ

ഡോ. എ.ജെ. തോമസ്

*ഒ.എൻ.വി കവിതകളുടെ നിരവധി ഇംഗ്ലീഷ് പരിഭാഷകൾ നിർവഹിക്കുകയും കഴിഞ്ഞ കാൽ നൂറ്റാണ്ടായി കവിയുമായി സൗഹൃദം കാത്തു സൂക്ഷിക്കുകയും ചെയ്യുന്ന ഡോ. എ.ജെ. തോമസ് ജ്ഞാനപീഠ ജേതാവിനെക്കുറിച്ച് ലിബിയയിൽനിന്ന് തയാറാക്കിയ ലേഖനം.*

‘എന്റെ കുട്ടിക്കാലത്തെ അന്ധകാര പൂരിതമായ ഏകാന്തതയിൽ ഒരു തുള്ളിവെളിച്ചമായാണ് കവിത കടന്നുവന്നത്.’

മലയാളത്തിന്റെ മനോജ്ഞ കവിതക്ക് ജ്ഞാനപീഠത്തിന്റെ അംഗീകാരം. അറുപത് വർഷത്തിലെ നീണ്ട അക്ഷരാർച്ചനക്ക് ഭാരതത്തിന്റെ വാഴ്വ്.
ഒ.എൻ.വിയെ മലയാള വായനക്കാർക്ക് പരിചയപ്പെടുത്തേണ്ടതില്ല. എങ്കിലും 64 വർഷത്തെ ഈ കാവ്യജീ

വിതം ഏതെല്ലാം വഴികളിലൂടെ ഇതുവരെ എത്തി ച്ചേർന്നു എന്നു പരിശോധിക്കാം.

ഒ.എൻ.വിയുടെ 'ഭൂമിക്ക് ഒരു ചരമഗീതം', സുഗതകുമാരി യുടെയും അയ്യപ്പപ്പണിക്കരുടെയും കടമ്മനിട്ട രാമകൃ ഷ്ണന്റെയും സച്ചിദാനന്ദന്റെയും മറ്റു കവികളുടെയും കവിതകളോടൊപ്പം ചേർന്ന് സൈലന്റ്‌വാലിയെ വീണ്ടെടുക്കുന്നതിൽ പ്രധാന പങ്കു വഹിച്ച കാലം. മല യാളികൾ കവിതയുടെ ശക്തി തിരിച്ചറിഞ്ഞ കാലമായി രുന്നു അത്. സാഹിത്യം സാമൂഹിക പരിവർത്തനത്തിന്റെ ചുക്കാൻ പിടിക്കുന്ന കാഴ്ച പുരോഗമന സാഹിത്യ ത്തിന്റെ നല്ല നാളുകളിലും അതിനു ശേഷം ജനകീയ മുന്നേറ്റങ്ങളുടെ അമ്പതുകളിലും അറുപതുകളിലും കണ്ട മലയാളികൾ എഴുപതുകളിലെ ഈ 'ഹരിത വിപ്ലവ'ത്തെയും നെഞ്ചേറ്റി. പാരിസ്ഥിതിക പ്രശ്ന ങ്ങൾക്ക് മുൻതൂക്കം നൽകുന്ന 'ഗ്രീൻ' പാർട്ടി ആഗോള തലത്തിൽ സ്ഥാപിക്കപ്പെടുന്നതിനു മുമ്പ് ഇന്ത്യൻ പാരി സ്ഥിതിക പ്രസ്ഥാനമായ 'ചിപ്കോ'ക്ക് സമകാലികമായി കേരളത്തിലുണ്ടായ ഈ ഉണർവ് ഒ.എൻ.വി എന്ന കവി നന്നേ ചെറുപ്പത്തിൽ തന്നെ മനസ്സിൽ താലോലിച്ചിരുന്ന ആശയങ്ങളുടെ പരിപാകം കൂടി ഉൾക്കൊണ്ടായിരുന്നു. ചങ്ങമ്പുഴ എന്ന തീപപ്പന്തവും വയലാർ എന്ന വിദ്യു ല്ലതാവിലാസവും ഒ.എൻ.വി എന്ന സൂര്യതേജസ്സിന്റെ മുന്നോടികളായിരുന്നു.

'മുന്നോട്ട്' എന്ന ആദ്യ കവിത 1946 ൽ പ്രസിദ്ധീകരിക്കു മ്പോൾ ഒ.എൻ.വിക്ക് 15 വയസ്സായിരുന്നു. അസാധാ രണമായ ഒരു ബാല്യമായിരുന്നു അദ്ദേഹത്തിന്റേത്. എം.ടി. വാസുദേവൻ നായരുമായുള്ള ഒരു സാഹിതീ സംഭാഷണത്തിൽ ഒ.എൻ.വി അനുസ്മരിക്കുന്നു: 'നന്നേ ചെറുപ്പത്തിൽ എനിക്ക്, എന്താ പറയുക, ഒരു സൗഭാഗ്യ മുണ്ടായി –കവിതയും സംഗീതവും നിറഞ്ഞ കുടുംബാ ന്തരീക്ഷത്തിൽ ജീവിക്കുക എന്നത്. എന്റെ അച്ഛന് കവി തയിലുണ്ടായിരുന്ന താൽപര്യവും കഥകളി ഭ്രമവും

സംഗീത പ്രേമവുമാണ് ഇതിന് വഴിയൊരുക്കിയത്. ഞങ്ങളുടെ വീടിന്റെ ഉമ്മറത്തിരുന്ന് അക്കാലത്തെ മഹാസംഗീതജ്ഞരിൽ പലരും പാടുന്നതു കേൾക്കാനുള്ള ഭാഗ്യമുണ്ടായിട്ടുണ്ട്. കൊല്ലത്തെ ഞങ്ങളുടെ വീട് കവികൾക്കും സംഗീതജ്ഞർക്കും ഒരു അഭയകേന്ദ്രമായിരുന്നു. മുനിസിപ്പൽ കൗൺസിലിലും അതിലുപരി ശ്രീമൂലം തിരുനാൾ മഹാരാജാവ് തുടങ്ങിവെച്ച തിരുവിതാംകൂർ സ്റ്റേറ്റ് അസംബ്ലിയിലും  അംഗമായിരുന്ന അച്ഛൻ ഒരു മാതൃകാ പൊതുപ്രവർത്തകനായിരുന്നു. പല മഹദ്വ്യക്തികളും ഞങ്ങളുടെ വീട് സന്ദർശിക്കാൻ ഒരു കാരണം അതായിരുന്നു. ഇതിന്റെയെല്ലാം അനുരണനങ്ങൾ തീർച്ചയായും എന്റെ  അന്നത്തെ പിഞ്ചുമനസ്സിൽ മായാത്ത മുദ്ര പതിപ്പിച്ചു.'

ഇങ്ങിനെ ആദർശവൽക്കരിച്ച അച്ഛന്റെ പൊടുന്നനെയുള്ള വേർപാട് ആ കുരുന്നു ഹൃദയത്തിൽ ആഴത്തിലുള്ള മുറിവുണ്ടാക്കി. ആ കാലഘട്ടത്തെ അനുസ്മരിച്ച് ഒ.എൻ.വി: 'എന്റെ കുട്ടിക്കാലത്തെ അന്ധകാര പൂരിതമായ ഏകാന്തതയിൽ ഒരു തുള്ളിവെളിച്ചമായാണ് കവിത കടന്നുവന്നത്.'

കുട്ടിക്കാലത്ത് ഒ.എൻ.വി സാക്ഷ്യം വഹിച്ച മറ്റൊരു പ്രതിഭാസം ശാന്തമായ കാർഷിക സംസ്കൃതി, വ്യവസായവൽക്കരണവുമായി നടത്തിയ കലാപമാണ്. ലോഹമണൽ അടിസ്ഥാനത്തിലുള്ള വ്യവസായങ്ങൾ ജന്മദേശമായ ചവറയുടെ മുഖഛായ മാറ്റിത്തുടങ്ങിയ കാലം. ഗ്രാമ്യ സംസ്കൃതിയിൽ വന്നുഭവിച്ച പരിതാപകരമായ മാറ്റങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളും ഒ.എൻ.വി കവിതകളിൽ മുഖ്യ പ്രതിപാദ്യങ്ങളായിത്തീരാനുള്ള സാഹചര്യം ഇങ്ങനെയൊരുങ്ങി.

ആദ്യകാല കവിതകളിൽ വ്യക്തിദുഃഖം സ്വാതന്ത്ര്യ സമരത്തിലും അടിച്ചമർത്തപ്പെട്ട തൊഴിലാളി വർഗത്തോടുള്ള ഐക്യദാർഢ്യത്തിലും മുങ്ങിമറയുന്നതു കാണാം. 1946 മുതൽ 1958 വരെയുള്ള കാലഘട്ടത്തിലെഴുതിയ കവിതക

ളുടെ സമാഹാരമാണ് 'ദാഹിക്കുന്ന പാനപാത്രം.' യുവത്വ ത്തിന്റെ ഊർജസ്വലതയിൽ മർദിതന്റെ പക്ഷം ചേർന്ന് സ്വരമുയർത്തുന്ന ആദർശവാദിയെയാണ് ഇതിലെ കവിത കളിൽ കാണുക.

1960 കളിൽ താന്താങ്ങളുടെ പാത തെളിയിച്ച കരുത്തുറ്റ കവികളുടെ മുന്നേറ്റത്തിന്റെ കാലമായിരുന്നു. അയ്യപ്പപ്പണിക്കർ, കക്കാട്, സുഗതകുമാരി, കടമ്മനിട്ട, ആറ്റൂർ തുടങ്ങി സച്ചിദാനന്ദൻ വരെ. ഈ കാലഘട്ട ത്തിൽ ലബ്ധപ്രതിഷ്ഠ നേടിക്കഴിഞ്ഞിരുന്ന ഒ.എൻ.വി രാഷ്ട്രീയവും സാമൂഹികവുമായ സമസ്യകളിൽ ശക്ത മായ നിലപാടുകളെടുത്തു. പ്രത്യയശാസ്ത്രം കീഴ്മേൽ മറിഞ്ഞ ആ നാളുകളിൽ വിപ്ലവത്തിന്റെ സ്വഭാവത്തെയും ഉദ്ദേശ്യത്തെ തന്നെയും ചോദ്യം ചെയ്തുകൊണ്ട് ഭഗ്നാശ നായ ആ കവി 'വളപ്പൊട്ടുകൾ' പോലുള്ള കവിതകൾ എഴുതി. 'വാഗ്ദത്ത ഭൂമി'യുടെ (1968) കാലം മുതൽ നാം കാണുന്നത് സ്വയമായി ഒരു ജീവിത തത്വസംഹിത കരു പ്പിടിപ്പിച്ച കവി പൊതു ജീവിതത്തിന്റെയും ആന്തരിക ജീവിതത്തിന്റെയും അന്തരാളങ്ങളിൽ അസന്ദിഗ്ധത യോടെ ഒരു പോരാളിയുടെ ചുറുചുറുക്കോടെ മുന്നേ റുന്ന കാഴ്ചയാണ്. ലോകത്തിന്റെ നാനാ ഭാഗങ്ങളിലും സഞ്ചരിച്ച കവി മാനവരാശി എവിടെയും അടിസ്ഥാനപര മായി ഒന്നു തന്നെയാണ് എന്ന് തിരിച്ചറിഞ്ഞു. സ്വപ്ന ങ്ങളും മോഹങ്ങളും മോഹഭംഗങ്ങളും പീഡാനുഭവ ങ്ങളും സന്തോഷങ്ങളും ഏവർക്കും ഒന്നു തന്നെ. ഒ.എൻ.വി കവിതകളിലെ സാർവ ലൗകികതയുടെ ഉറവി ടവും ഇവിടെ തന്നെ. കവിതയെപ്പറ്റി ഒ.എൻ.വി പറ യുന്നു:

'കവിത – അത് ആകസ്മികമായി സംഭവിക്കുന്നതാണ്. എങ്ങനെയെന്നറിഞ്ഞുകൂടാ. എന്നാൽ ഒരു അലസഭാവന അല്ലേയല്ല അത്. ഏതെങ്കിലും ഒരു പ്രചോദനത്തിൽ നിന്നാണതിന്റെ തുടക്കം. നാം തീക്ഷ്ണമായി ജീവിക്കു ന്നു –എല്ലാം തീക്ഷ്ണമായി അനുഭവിച്ചു കൊണ്ട്.

ജീവിതം എന്നെ ഹരം പിടിപ്പിക്കുന്നു, അതു തന്നെയാണ് പ്രചോദനവും. മറ്റൊരു ലഹരിയുടെ ആവശ്യവുമില്ല. സൂര്യനു താഴെയുള്ള ഒന്നും തന്നെ കവിതാ ബാഹ്യമല്ല. ചുറ്റും സംഭവിക്കുന്ന എല്ലാം തന്നെ കവിയുടെ പ്രശ്ന ങ്ങളാണ്. നമുക്കു മീതെ ചിറകു വിടർത്തി നിൽക്കുന്ന ഒരു ദുഃസ്വപ്നത്തിന്റെ കീഴിലാണ് നാം എന്നും ഉറങ്ങാൻ പോകുന്നത്.  ഒരു മരം മുറിക്കുന്നതും ഒരു ബോംബ് പൊട്ടുന്നതും  സ്ത്രീയെയും ഭൂമി മാതാവിനേയും ബലാൽക്കാരം ചെയ്യുന്നതുമെല്ലാം  എന്റെ മനസ്സിനെ സംത്രാസത്തിലാഴ്ത്തുന്നു. ഓരോ ദുരന്തവും കൂടുതൽ ഭീതിദമായ ദുരന്തങ്ങളുടെ വിത്തുകൾ പേറുന്നു. അവയ ങ്ങനെ പെരുകി വളരുന്നു. ഒരു നഗരം വർഗീയ വെറി യുടെ തീനാളങ്ങളിൽ എരിയുമ്പോൾ കവിതയും സാഹി ത്യവുമെവിടെ?'

വേദനയുടേയും ദുരിതത്തിന്റേയും കലാപത്തിന്റേയും ഈ തീരത്ത് നിന്ന് ശാന്തിയുടെ, സ്വാതന്ത്ര്യത്തിന്റെ തീര ത്തേക്ക് ഒരു പാലം തീർക്കലാണ് എന്റെ ജോലി. എന്റെ ഗാനത്തിന് ഒരു കുഞ്ഞോളം സൃഷ്ടിക്കാൻ കഴിഞ്ഞാൽ കൃതാർഥനായി, ധന്യനായി. ഇതാണ് കവിതയെപ്പറ്റി യുള്ള എന്റെ വീക്ഷണം.'

'മയിൽപീലി' (1964) ആണ് ഒ.എൻ.വിയുടെ ആദ്യത്തെ ശ്രദ്ധേയ സമാഹാരം. വിപ്ലവത്തിന്റെ ശ്ലഥസ്വപ്നങ്ങളെ പ്പറ്റി പാടിയ 'വളപ്പൊട്ടുകൾ', 'നാലുമണിപ്പൂക്കൾ' എന്നിവ ഈ സമാഹാരത്തിലാണ്. ഇതിനെഴുതിയ അവ താരികയിൽ എൻ.വി. കൃഷ്ണവാര്യർ:

തകർന്ന സ്വപ്നങ്ങൾ ബാക്കിവെച്ചത് ഒരു പിടി ചില്ലു വളപ്പൊട്ടുകളാണ്. പക്ഷേ അവ വിലമതിക്കാനാവാത്തവ യാണ്. ആത്യന്തികമായി വിഷാദാത്മകത തളം കെട്ടിയ ദാർശനികർക്ക് മാത്രം മനസ്സിലാകുന്ന മനുഷ്യ ജീവിതം മറ്റുള്ളവർക്ക് മനസ്സിലാകുന്ന രീതിയിൽ അവയെ സ്വരു ക്കൂട്ടി വെക്കുന്നു.

തുടർന്ന് ഒരു തുള്ളി വെളിച്ചം, അഗ്നിശലഭങ്ങൾ, അക്ഷരം എന്നീ പ്രധാനപ്പെട്ട സമാഹാരങ്ങൾ പുറത്തിറങ്ങി.

അടുത്ത പ്രധാന സമാഹാരം കറുത്ത പക്ഷിയുടെ പാട്ട് (1977) ആണ്. അവതാരികയിൽ ഉറൂബ്: ''സമൂഹത്തിന്റെ ദുഃഖങ്ങൾ തന്റെ വേദനയാക്കി മാറ്റുകയാണ് കവി ചെയ്തത്...'' ഇതേ ആശയം 'ഒ.എൻ.വി കവിത' എന്ന ലേഖന സമഹാരത്തിൽ അയ്യപ്പപ്പണിക്കരുടെ ലേഖനത്തിലെ നിരീക്ഷണത്തിലും കാണാം: ''ചാന്ദ്രപ്രകാശം, പകലെരിയുന്ന സൂര്യന്റെ ദുഃഖത്തിന്റെ തിളക്കമാണെന്ന് ഒരു പഴങ്കഥ. ഈ കഥയുടെ ആധുനിക സാംഗത്യം വെളിവാക്കുന്നു ഈ കവിയുടെ കവിത.''

തുടർന്ന് ഉപ്പ് (1980), ഭൂമിക്ക് ഒരു ചരമഗീതം (1984) എന്നീ വിഖ്യാത സമാഹാരങ്ങൾ പുറത്തിറങ്ങി.

ശാർങ്ങകപ്പക്ഷികൾ (1987) ആണ് ശ്രദ്ധേയമായ അടുത്ത സമാഹാരം. എൻ. കൃഷ്ണപ്പിള്ളയുടെ അവതാരികയിൽനിന്ന്: ''ഒ.എൻ.വി കവിതക്ക് വളരെ അപൂർവമായ ഒരു ഗാംഭീര്യമുണ്ട്. ബഹുസ്വരതാ മുഖരിതവുമാണത്. കവി ഉപയോഗിക്കുന്ന ബിംബങ്ങളെല്ലാം നാനാമുഖങ്ങളായ പ്രഭാവീചികൾ പൊഴിക്കുന്നു. സംഗീതം ആത്മാവിന്റേതു മാത്രമാകുന്നു. ലോക മനഃസാക്ഷിയുടെ മിടിപ്പുകൾ, കവി ഹൃദയതാളവുമായി ഏകതാനമാകുന്നു. ഇവിടെ നാം കാണുന്നത് സമഭാവനയും സാർവ ലൗകികതയും നിറഞ്ഞ ഒരു മനുഷ്യ മനസ്സിന്റെ ഉദാത്ത ഭാവനയുടെ സുനിയന്ത്രിതമായ പ്രകാശനമാണ്. ആധുനിക മനുഷ്യ ജീവിതത്തെപ്പറ്റിയുള്ള ഉൽക്കണ്ഠയുടെ കയ്പ് രസം കുടിച്ച കവി മനുഷ്യ വിധിയെ ചുറ്റിപ്പറ്റിയുള്ള ആശങ്കയാൽ കാതരമായ കവിതകൾ എഴുതുന്നു.''

മൃഗയ (1989), തോന്ന്യാക്ഷരങ്ങൾ (1989), അപരാഹ്നം (1991), വെറുതെ (1994), ഉജ്ജയിനി (1994), സ്വയംവരം (1995), ഭൈരവന്റെ തുടി (1998), ഈ പുരാതന കിന്നരം (1999), ഒ.എൻ.വി കവിതകൾ - ഒരു ബൃഹദ്സമാഹാരം

(1958–2000) എന്നിവ ഒരു ദശകത്തിനിടെ പുറത്തിറങ്ങി. ഒ.എൻ.വിയുടെ കാവ്യ ജീവിതത്തിലെ ഏറ്റവും പുഷ്കല മായ ഒരു ദശകം! കാളിദാസന്റെ ജീവിതത്തെ ആധാര മാക്കി എഴുതിയ പദ്യാഖ്യായികയായ ഉജ്ജയിനിയും മഹാഭാരതത്തിലെ മാധവിയുടെ കഥാഖ്യാനമായ 'സ്വയം വരവും' ഇതിവൃത്ത സ്വീകരണത്താലും വ്യാഖ്യാന ത്തിലെ മൗലികതയാലും ശ്രദ്ധേയമാണ്.

ക്ഷണികം, പക്ഷേ (2002), സ്നേഹിച്ചു തീരാത്തവർ, ഞാനഗ്നി, ദിനാന്തം (2010) എന്നീ കവിതാ പുസ്തകങ്ങൾ ഈ കഴിഞ്ഞ ദശകത്തിൽ പുറത്തിറങ്ങിയവയാണ്.

അതുല്യമായ നാടക ഗാനങ്ങളും സിനിമാ ഗാനങ്ങളും ഇക്കഴിഞ്ഞ ആറു ദശാബ്ദങ്ങളായി മലയാളികൾക്ക് കാഴ്ച വെച്ച ഈ കവിയുടെ സംഭാവനകൾ എന്റെ എളിയ വാക്കുകളിൽ വിവരിക്കാതെ തന്നെ മാന്യവായന ക്കാർക്ക് അറിവുള്ളതാണെന്ന് വിശ്വസിക്കുന്നു.

ഈ കുറിപ്പ് അവസാനിപ്പിക്കുന്നതിനു മുമ്പ് ഒ.എൻ.വി കവിതകളെ ഞാൻ ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്യാനു ണ്ടായ സാഹചര്യത്തെയും കവിയുമായി കഴിഞ്ഞ 23 വർഷമായി അടുത്തിടപഴകാനുണ്ടായ സൗഭാഗ്യത്തെയും കുറിച്ച് രണ്ടു വാക്ക്.

ഞാൻ കെ.ടി.ഡി.സിയിൽ ജോലി ചെയ്യുന്നു -തേക്കടി യിൽ. 1987 അവസാനം. സാഹിത്യ കുതുകിയും അതീവ സംവേദന ക്ഷമങ്ങളായ കൃതികളുടെ സ്രഷ്ടാവും പ്രകൃ തി സംബന്ധിച്ച ഡോക്യുമെന്ററി ചിത്രങ്ങളെടുത്ത ചല ച്ചിത്രകാരനും ഫോറസ്റ്റ് കൺസർവേറ്ററുമായിരുന്ന പരേ തനായ വി. സദാശിവനും ഞാനുമായുള്ള സൗഹൃദം അറിവുള്ള കേരള ഭാഷാ ഇൻസ്റ്റിസ്റ്റ്യൂട്ടിലെ എഡിറ്റർ വി. ശ്രീകുമാർ എന്നെ സമീപിക്കുന്നു. സദാശിവൻ സാർ വഴി ഒ.എൻ.വിയുടെ തെരഞ്ഞെടുത്ത കവിതകൾ ഇംഗ്ലീ ഷിലേക്കു തർജമ ചെയ്യണം. കുറെയേറെപ്പേർ തർജമ ചെയ്ത കവിതകൾ എഡിറ്റ് ചെയ്യണം -ഇതായിരുന്നു അദ്ദേഹത്തിന്റെ അഭ്യർഥന. ഞാൻ അടുത്ത തവണ തിരു

വനന്തപുരത്തെത്തിയപ്പോൾ സദാശിവൻ സാർ വഴി ശ്രീകുമാറിനെ കണ്ടുമുട്ടുന്നു -കവി പഴവിള രമേശന്റെ സാന്നിധ്യത്തിൽ. കുറെ തർജമകളുടെ ഡ്രാഫ്റ്റുകൾ ഞാനന്നു കൈപ്പറ്റി. താമസിയാതെ ഒ.എൻ.വിയുമായി ശ്രീകുമാർ കൂടിക്കാഴ്ച ഏർപ്പാടാക്കി. ആദ്യ സന്ദർശന ത്തിൽ തന്നെ കവിയുടെ സരളവും ഹൃദ്യവുമായ പെരു മാറ്റമാണ് എന്നെ ആകർഷിച്ചത്. അന്നു തുടങ്ങിയ ഊഷ്മളമായ സ്നേഹ ബന്ധം ഇന്നും തുടരുന്നു.
അത്യാവശ്യമായി ജർമനിയിലും മറ്റു വിദേശ രാജ്യങ്ങ ളിലും വായിക്കാനുള്ള കുറെ കവിതകൾ ശരി യാക്കിക്കൊടുത്തിരുന്നതൊഴിച്ചാൽ കവിത എഡിറ്റിംഗും തർജമയും പല കാരണങ്ങളാൽ നീണ്ടുപോയി. അതി ലുള്ള ഉൽക്കണ്ഠയും വൈക്ലബ്യവുമായി നടന്ന കാലഘ ട്ടത്തിൽ എനിക്ക് തേക്കടിയിൽനിന്ന് തിരുവനന്തപുര ത്തേക്ക് സ്ഥലംമാറ്റമായി -1992 ൽ. ഒന്നു രണ്ടു വർഷം അങ്ങനെ പോയി. ഒരു നാൾ വെളുപ്പിന് പരശുറാം എക്സ്പ്രസിൽ ഓടിക്കറിയപ്പോൾ ചെന്നുപെട്ടത് ചെയർകാറിലാണ്. താഴത്തെ സീറ്റുകളിലൊന്നിൽ ഒ.എൻ.വി ഇരിക്കുന്നു. ഞാൻ ആദ്യം ഒന്നു പരുങ്ങിയെ ങ്കിലും ധൈര്യം അവലംബിച്ച് അടുത്തു ചെന്നു. കവിതാ വിവർത്തനം താമസിച്ചുപോയതിനുള്ള കാരണങ്ങ ളൊക്കെ നിരത്തിത്തുടങ്ങി. അതെല്ലാം കൈയുയർത്തി തൽക്കാലം തടുത്തിട്ട് ഒ.എൻ.വി പറഞ്ഞു, അതൊക്കെ ഇരിക്കട്ടെ. എന്റെ ഉജ്ജയിനി ഒന്ന് ഇംഗ്ലീഷിലാക്കാൻ തര പ്പെടുമോ? ഞാൻ ഉടനടി സമ്മതിച്ചു.
വീണ്ടും വർഷം രണ്ടു മൂന്നു കഴിഞ്ഞുപോയി, തർജ മയും പുനഃപരിശോധനകളുമായി. 1977 ൽ ഞാൻ തർജമ ക്കുള്ള ഒരു അവാർഡ് നേടി, അമേരിക്കയിലും ബ്രിട്ട നിലും യൂറോപ്പിലുമൊക്കെയായി നാലു മാസത്തെ യാത്ര പോയ സമയം. പരേതനായ വി.കെ. മാധവൻ കുട്ടി മുഖേന ഒ.എൻ.വി ദൽഹിയിൽ സഞ്ചാർ പബ്ലിഷേ ഴ്സിൽനിന്ന് ‘ഉജ്ജയിനി’ പുറത്തിറക്കി. ഞാൻ തിരിച്ചെ

ത്തിയപ്പോൾ പുസ്തകം റെഡി. പിന്നീട് രൂപ ആന്റ് കമ്പ നിയിൽനിന്ന് പുറത്തിറക്കിയ പതിപ്പ് ഇതിന്റെ സംശോ ധിത രൂപമാണ്. അപ്പോഴും കവിതാ സമാഹാരത്തിന്റെ ആശയം കൈവിട്ടിരുന്നില്ല.

എന്റെ തർജമകളും കുറെ മറ്റുള്ളവരുടെ തർജമകളും ചേർത്ത് This Ancient Lyre എന്ന സമാഹാരം 2005 ൽ ഞാൻ എഡിറ്റ് ചെയ്ത് കേന്ദ്ര സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ചു. അന്ന് കേന്ദ്ര സാഹിത്യ അക്കാദമി സെക്രട്ടറിയായിരുന്ന സച്ചിദാനന്ദന്റെ ഹൃദ്യമായ സഹക രണമാണിത് സാധ്യമാക്കിയത്. 24 പേജ് വരുന്ന എന്റെ എഡിറ്റേഴ്സ് നോട്ട് ഒ.എൻ.വി കവിതകളുടെ സമഗ്ര പഠ നത്തിനുള്ള ശ്രമമായിരുന്നു. മേൽപറഞ്ഞ രണ്ടു പുസ്ത കങ്ങളാണ് ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചവ. 'സ്വയംവ ര'ത്തിന് സംസ്കൃതത്തിലും ഹിന്ദിയിലും തർജമയുണ്ടാ യി. ഉജ്ജയിനിയും മറ്റുള്ള ഇന്ത്യൻ ഭാഷകളിലേക്കു വിവർത്തനം ചെയ്യപ്പെട്ടു.

പരിചയപ്പെട്ട കാലം മുതൽ പലപ്പോഴായി ഞാൻ തർജമ ചെയ്ത ഒ.എൻ.വി കവിതകൾ ഇന്ത്യൻ ലിറ്ററേച്ചറിലും മറ്റു ചില പ്രസിദ്ധീകരണങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'സ്നേഹിച്ചു തീർത്തവർ' ആണ് അവസാനമായി ഇന്ത്യൻ ലിറ്ററേച്ചറിൽ വന്നത്.

ഈ കഴിഞ്ഞ ഓഗസ്റ്റിൽ തിരുവനന്തപുരത്തു പോയപ്പോൾ ഒ.എൻ.വിയെ സന്ദർശിച്ചു. 'കാബൂളി വാല'യും 'ദിനാന്ത'വും അദ്ദേഹം എടുത്തു തന്നു. തർജമ ചെയ്യാൻ. ഇന്ത്യൻ ലിറ്ററേച്ചറിൽ 'ദിനാന്തം' പ്രസി ദ്ധീകരിക്കും. 'കാബൂളിവാല' ദ ലിറ്റിൽ മാഗസിനിലും. ഒ.എൻ.വിയുടെ വിവർത്തനത്തോടും വിവർത്തകരോടു മുള്ള സമീപനത്തെപ്പറ്റി രണ്ട് വാക്ക് പരാമർശിക്കാതെ ഈ കുറിപ്പ് അവസാനിപ്പിക്കാനാവില്ല. 'മലയാളത്തിന്റെ ഉക്തി സമ്പ്രദായമനുസരിച്ചാണ് ഞാൻ കവിതയെഴുതുന്ന ത്. തോമസ് അത് ഇംഗ്ലീഷിലാക്കുമ്പോൾ ഇംഗ്ലീഷിന്റെ

ഉക്തി രീതികൾ നോക്കിയാൽ മതി. മലയാളത്തിലുള്ള കവിതകളുടെ പദാനുപദ തർജ്ജമയല്ല ഞാൻ 'ഉദ്ദേശിക്കുന്നത്'. ഇങ്ങനെ ആർജ്ജവത്തോടെ പറഞ്ഞ ഒരേയൊരു എഴുത്തുകാരനെ മാത്രമേ ഞാൻ എന്റെ വിവർത്തന ജീവിതത്തിൽ കണ്ടിട്ടുള്ളൂ. വാസ്തവത്തിൽ സാഹിത്യ വിവർത്തനത്തിന്റെ മർമത്താണദ്ദേഹം കൈവെച്ചത്. എന്നാൽ മൂലകൃതിയുടെ അന്തരാത്മാവിന് ഒരു കേടും പറ്റാതെയിരിക്കാനും അദ്ദേഹം ജാഗരൂകനായിരുന്നു. ഇംഗ്ലീഷിൽ ഭംഗിയായി എഴുതുകയും പ്രസംഗിക്കുകയും ചെയ്യുന്ന അദ്ദേഹത്തിന് മൂലകൃതിയും വിവർത്തനവും ഒത്തുനോക്കാൻ ഒരു ബുദ്ധിമുട്ടുമില്ല. ഓരോ വരിയും ഓരോ വാക്കും പരിശോധിച്ചു പകരം വാക്കുകളും പ്രയോഗങ്ങളും നിർദേശിച്ച് സ്വീകരിക്കേണ്ടവയെപ്പറ്റി സമവായം കണ്ടെത്തി. ഇങ്ങനെ തീർത്തും ജനാധിപത്യ പരമായ ഒരു പ്രക്രിയയാണ് ഞങ്ങൾ പിന്തുടർന്നിട്ടുള്ളത്. അന്യോന്യം ഇടപെടുന്ന ഓരോ തവണയും അദ്ദേഹം പ്രദർശിപ്പിച്ച സ്നേഹ വാത്സല്യങ്ങളും സൗമനസ്യവും മനസ്സിൽ തിളങ്ങുന്നു. ഇപ്പോൾ അന്യം നിന്നു പോയിത്തുടങ്ങിയ ഒരു തലമുറയുടെ സ്നേഹവികാരങ്ങളത്രയും അത് ഓർമിപ്പിക്കുന്നു.

കുറിപ്പ്: ഈ ലേഖനത്തിലെ ഉദ്ധരണികൾ ഓർമയിൽ നിന്നെടുത്തതാണ് (ലേഖകൻ)